# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 903 02.12.2015 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) നിർത്തിവച്ചിട്ടുണ്ട്. സൈറ്റ് കണ്ടീഷനിൽ ഉണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇതനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടിവന്നതു മൂലം പ്രവർത്തി നിർത്തി വയ്ക്കേണ്ടി വന്നു. |
| (ബി) ഏതെങ്കിലും ഉന്നതതല സാങ്കേതികവിദഗ്ധർ പ്രസ്തുത പദ്ധതി അടുത്ത കാലത്ത് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇത് ആരുടെ നിർദ്ദേശ പ്രകാരമാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ, കൂടാതെ വിജിലൻസ് വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തിയിട്ടുണ്ട്. ചില പരാതികളുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയിട്ടുള്ളത്. |
| (സി) പദ്ധതിക്ക് നാളിതുവരെയായി സർക്കാർ ഖജനാവിൽ നിന്ന് എത്ര തുക നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ഈ പദ്ധതിക്കായി നാളിതുവരെ 438.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യ കരാറുകാരന് 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരന് 160.81 ലക്ഷം രൂപയും നല്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) മേൽ കുടിവെള്ള പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ഇ) ഇല്ലെങ്കിൽ മേൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ? | (ഡി)&(ഇ)<br><br>ഇല്ല. മേൽ പദ്ധതി കുടിവെള്ളത്തിനും ഉപയുക്തമാകുന്ന ചെറുകിട ജലസേചന പദ്ധതിയാണ്. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചാലുടൻ പണി പുനഃരാരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**